ഉത്തരം

(എ&ബി) ഈ പദ്ധതിയിൻ കീഴിൽ 1998-99-ൽ 5 പദ്ധതികൾക്ക് മലപ്പുറം ജില്ലയിൽ ഭരണാനുമതി നൽകി നടപ്പാക്കി വരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയ ചില പദ്ധതികൾ പഞ്ചായത്തിൽ നിന്നും സ്ഥലം ലഭിക്കാത്തതുമൂലം പണി മുടങ്ങിക്കിടക്കുന്നു. കൂടാതെ 1999-2000 വർഷത്തിൽ 4 പുതിയ സ്കീമുകൾക്കു കൂടി മലപ്പുറം ജില്ലയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്കെല്ലാം എസ്റ്റിമേറ്റ് തുകയുടെ 100 ശതമാനവും കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി ലഭിക്കുന്നതാണ്.

(സി) ഉത്തരം 'എ' യിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കുവേണ്ടി ശില്പശാലകളൊന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ മലപ്പുറം ജില്ലയെ പൈലറ്റ് പ്രോജക്ട് ജില്ലയായി അംഗീകരിച്ച് നടത്തുവാനിരുന്ന സെക്ടർ റിഫോംസ് പദ്ധതിക്കുവേണ്ടി ഒരു ശില്പശാല നടത്തുകയുണ്ടായി. 1.75 ലക്ഷം രൂപ ചെലവായി.

(ഡി) ഉണ്ട്.

(ഇ) ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ 4 ജില്ലകളിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പരിപാടിയിൽ മലപ്പുറം ജില്ല ഉൾപ്പെടുന്നതിനാൽ ഏകദേശം ഇതേ മാർഗ്ഗ നിർദ്ദേശങ്ങൾ പിൻതുടരുന്ന പദ്ധതികൾ മറ്റൊരു ഏജൻസിയുടെ കീഴിൽ അതേ സ്ഥലത്ത് ആവർത്തിക്കേണ്ട ആവശ്യകത ഇല്ലാത്തതിനാലാണ് മലപ്പുറം ജില്ലയെ സെക്ടർ റിഫോംസ് പദ്ധതികളുടെ പൈലറ്റ് പ്രോജക്ട് ജില്ലയായി തിരഞ്ഞെടുത്തതിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചത്. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം കേന്ദ്ര സഹായത്തോടെ ജില്ലയിൽ ഏറ്റെടുത്തതും അംഗീകരിച്ചു കഴിഞ്ഞതുമായ പദ്ധതികൾ ഈ പദ്ധതിപ്രകാരം തന്നെ പൂർത്തിയാക്കുന്നതാണ്.

ഒ.ഇ.സി.എഫ്-ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതി

159 (2626) ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫ്-ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കൺസൾട്ടന്റിനെ നിയമിക്കുന്നതിന് 7 കമ്പനികളെ തെരഞ്ഞെടുക്കുന്നതിനെതിരെ ഏതെങ്കിലും പരാതി ലഭിച്ചിരുന്നോ ;

(ബി) ആരുടെ പരാതി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തൊക്കെ ആരോപണങ്ങളായിരുന്നു പരാതിയിൽ ഉണ്ടായിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ; വിശദ വിവരം നൽകാമോ ;

(ഇ) പ്രോജക്ട് എൻജിനീയർ തയ്യാറാക്കി നൽകിയ കമ്പനികളുടെ ലിസ്റ്റ് 5 ആയി കുറച്ചതിനെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(എഫ്) കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ് അഞ്ചിൽ നിന്നും ഏഴാക്കി വർദ്ധിപ്പിച്ചതിനെതിരെ പൊതുതാൽപര്യ ഹർജി നൽകിയ ഹർജിക്കാർ ആരെല്ലാമാണ് ;

(ജി) കമ്പനികളുടെ ലിസ്റ്റിൽ ഉൾപ്പെട്ട മോണ്ട്യു ഗോമറി വാട്സൺ എന്ന കമ്പനി എല്ലാ രേഖകളും വാട്ടർ അതോറിറ്റിക്ക് അയച്ചിരുന്നോ ;

(എച്ച്) കമ്പനിക്കുവേണ്ടി രേഖകൾ സമർപ്പിക്കുകയോ വിവരങ്ങൾ അന്വേഷിക്കുകയോ ചെയ്ത കേരളത്തിലെ ഏജന്റ് ആരായിരുന്നു ;

(ഐ) ഷോർട്ട് ലിസ്റ്റിലെ 7 കമ്പനികളിൽ കുറ്റമറ്റ ടെൻഡർ രേഖകൾ സമർപ്പിച്ചവ ഏതെല്ലാം ; ടെൻഡർ രേഖകളിൽ അപാകതയുണ്ടെന്ന് നിയമോപദേശം ലഭിച്ചവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കൺസൾട്ടൻസിയെ നിയമിക്കുന്നത് സംബന്ധിച്ച് ഒരു അനോണിമസ് പെറ്റീഷൻ ലഭിച്ചിരുന്നു. കൺസൾട്ടൻസിനെ നിയമിക്കുന്നതിനായി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിൽ കേരള വാട്ടർ അതോറിറ്റി ജീവനക്കാർ അവിഹിതമായി സ്വാധീനം ചെലുത്തിയെന്നതായിരുന്നു ആരോപണം.

(ഡി) അന്വേഷണം നടത്തിയിരുന്നു. അന്വേഷണം നടത്തിയത് അന്നത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായ ശ്രീമതി മിനി മാത്യുവാണ്.

(ഇ) പ്രോജക്ട് എൻജിനീയർ തയ്യാറാക്കിയ ലിസ്റ്റിലും, കേരള വാട്ടർ അതോറിറ്റി പുനഃപരിശോധിച്ച് പുതുക്കി അംഗീകരിച്ച ലിസ്റ്റിലും 5 കമ്പനികളാണ് ഉണ്ടായിരുന്നത്.

(എഫ്) ശ്രീ. റ്റി. എസ്. രവീന്ദ്രൻ, കൺവീനർ, സിവിൽ ആക്ഷൻ ഫോറം, കുന്നുമേൽ ഹൗസ്, തോട്ടക്കാട്ടുകര, ആലുവ.

(ജി&എച്ച്) മോണ്ട് ഗോമറി വാട്ട്സൺ എന്ന കമ്പനി കൺസൾട്ടൻസിക്കുവേണ്ടി ടെൻഡർ സമർപ്പിച്ചിരുന്നു. ഇവരുടെ യു.കെ.യിലുള്ള ആഫീസുമായാണ് കത്തിടപാട് നടത്തുന്നത്.

(ഐ) ഷോർട്ട് ലിസ്റ്റിലെ 7 കമ്പനികളിൽ താഴെപ്പറയുന്ന 4 കമ്പനികളാണ് കൺസൾട്ടൻസിയുടെ ടെൻഡറുകൾ സമർപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

1. പസഫിക് കൺസൾട്ടൻസ് ഇന്റർനാഷണൽ (ജപ്പാൻ)
2. മോണ്ട് ഗോമറി വാട്സൺ, യു.കെ.
3. മോട്ട് മാക്ഡൊണാൾഡ് ലിമിറ്റഡ്, യു.കെ.
4. ലാമെയർ ഇന്റർനാഷണൽ, ജർമ്മനി.

ഈ നാലു ടെൻഡറുകളെപ്പറ്റിയുള്ള നിയമോപദേശവും കണക്കിലെടുത്താണ് അവയുടെ സാങ്കേതിക മൂല്യ നിർണ്ണയം നടത്തിയത്.

സഹകരണ മേഖലയിൽ കൊച്ചിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി

160 (2708) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ കൊച്ചിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിന് മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിനായി ഒരു സ്വയംഭരണ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഘടന സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) ഇതിന്റെ പ്രവർത്തന മൂലധനമായി എന്തു തുക വേണ്ടി വരുമെന്നാണ് കണക്കായിട്ടുള്ളത് ; അത് എവിടെ നിന്നെല്ലാമാണ് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഇ) ഈ മെഡിക്കൽ കോളേജുകളിലേക്കുള്ള ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) യൂണിവേഴ്സിറ്റി നിയമനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രായ പരിധി അനുവദനീയ ഇളവുകൾ എന്നിവ ഇതിനും ബാധകമാണോ ;

(ജി) ഈ സ്ഥാപനത്തിന്റെ പ്രധാന ഫണ്ടിംഗ് ഏജൻസികളിലേക്കുള്ള നിയമനം പി.എസ്.സി. വഴിയാണെന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ ;

(എച്ച്) ടീച്ചിംഗ് സ്റ്റാഫ് സെലക്ഷൻ കുറ്റമറ്റതാക്കാൻ എഴുത്തു പരീക്ഷയോ പ്രത്യേക മൾട്ടിപ്പിൾ ചോയിസ് പരീക്ഷയോ നടത്താൻ നിർദ്ദേശിക്കുമോ ;

(ഐ) പട്ടികജാതിക്കാർക്കും പിന്നോക്കാർക്കുമുള്ള സംവരണം ഉറപ്പാക്കാൻ എന്തു മുൻ കരുതലുകളാണ് എടുത്തിട്ടുള്ളത് ;

(ജെ) നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly